# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **483** | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നികുതി വന്നതിന് ശേഷം ചെറുകിട വ്യാപാരമേഖലയിലുണ്ടായിട്ടുള്ള അനിശ്ചിതത്വം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. ബാബു | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി വന്നതിന് ശേഷം ചെറുകിട വ്യാപാരമേഖലയിലുണ്ടായിട്ടുള്ള അനിശ്ചിതത്വം മാറ്റിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ; | (എ) | ജി.എസ്.ടിയിൽ 20 ലക്ഷത്തിനു താഴെ വിറ്റുവരവുള്ള ചെറുകിട കച്ചവടക്കാർ രജിസ്ട്രേഷന്റെ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. കൂടാതെ 75 ലക്ഷം വരെ വിറ്റുവരവുള്ള വ്യാപാരികൾക്ക് കോമ്പോസിഷൻ സ്കീം തെരഞ്ഞെടുക്കുന്നതിനുള്ള അവസരവുമുണ്ട്. ജൂൺ 30 വരെയുള്ള ക്ലോസിംഗ് സ്റ്റോക്കിന്റെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ജി.എസ്.ടി യിൽ ലഭിക്കുന്നതാണ്. ജി.എസ്.ടിയെക്കുറിച്ചുള്ള വ്യാപാരികളുടെ സംശയനിവാരണത്തിനും ബോധവൽക്കരണത്തിനും വേണ്ടി നിരവധി പഠനക്ലാസുകൾ വകുപ്പ് നടത്തിയിട്ടുണ്ട്. വ്യാപാരികളുടെ സംശയ നിവാരണത്തി നായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ഡസ്കുകൾ എല്ലാ ജില്ലകളിലും വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിലും പ്രവർത്തി ക്കുന്നുണ്ട്. |
| (ബി) | ആയത് നടപ്പിലായ ശേഷം നികുതി വരുമാനത്തിലുണ്ടായ മാറ്റങ്ങൾ വിശദമാക്കുമോ? | (ബി) | 01.07.2017 ന് ജി.എസ്.ടി നടപ്പിലാക്കിയെങ്കിലും റിട്ടേണുകൾ 2017 ആഗസ്റ്റ് മാസം മുതൽ മാത്രമേ ഫയൽ ചെയ്തു തുടങ്ങുകയുള്ളൂ. സമ്പൂർണ്ണ റിട്ടേൺ സെപ്റ്റംബർ മാസത്തിലും ഫയൽ ചെയ്താൻ മതി. റിട്ടേൺ ഫയൽ ചെയ്താൽ മാത്രമേ വരുമാനത്തിലുള്ള മാറ്റങ്ങൾ അറിയാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**